"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിൽ നടന്ന തേക്ക കഴകളുടെ ലേലത്തിൽ ക്രമക്കേടുകൾ - വിരമിച്ച ഉദ്യോഗസ്ഥരായ ശ്രീ.സി.തുളസീധരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ. പി.ജയചന്ദ്രൻ, സീനിയർ സൂപ്രണ്ട്, ശ്രീ. എം.കെ.സുധാകരൻ, സീനിയർ സൂപ്രണ്ട്, ശ്രീ. കെ.വിജയൻ, യു.ഡി.ക്ലാർക്ക് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.170/2021/വനം തിരുവനന്തപുരം, തീയതി, 14/06/2021

---

പരാമർശം:- (1) 10.05.2012-ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഡി&പി) ബി2-17622/10 നമ്പർ കത്ത്.

(2) 18.09.12-ലെ 14783/എ1/10/വനം നമ്പർ കുറ്റപത്രവും/ കുറ്റാരോപണപത്രികയും, കാരണം കാണിക്കൽ നോട്ടീസും.

(3) 23.06.2014-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഡി&പി) ബി2-17622/10 നമ്പർ കത്ത്.

(4) 30.05.2015-ലെ സ.ഉ.(സാധാ.) നം. 226/2015/വനം ഉത്തരവ്.

(5) 23.04.2018-ലെ സ.ഉ.(സാധാ.) നം.186/2018/വനം ഉത്തരവ്.

(6) 24.07.2018, 9.10.2019 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ബി2-17622/10 നമ്പർ കത്തുകൾ.

(7) 6.06.2019, 5.10.2019 എന്നീ തീയതികളിലെ കൊല്ലം സതേൺ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ക്യു.ഡി.എ. -2558/2019 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

07.02.1994-ൽ അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിൽ നടന്ന തേക്ക് കഴകളുടെ പുനർലേലത്തെ തുടർന്ന് സർക്കാരിനുണ്ടായ 3,48,823/- രൂപയുടെ നഷ്ടം കരാറുകാരനിൽ

നിന്നും ഈടാക്കുന്നതിനു വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.സുനിൽ സഹദേവൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ.വി.എ.മോഹനൻ, റെയിഞ്ചാഫീസർ, ശ്രീ.എ.രവീന്ദ്രൻപിള്ള, യു.ഡി.ക്ലാർക്ക്, ശ്രീ.കെ.വിജയൻ, യു.ഡി.ക്ലാർക്ക്, ശ്രീ.എസ്.വിജയകുമാർ, യു.ഡി.ക്ലാർക്ക്, ശ്രീ.സാജു തോമസ്, എൽ.ഡി.ക്ലാർക്ക് എന്നിവർക്ക് കുറ്റപത്രവും/കുറ്റാരോപണ പത്രികയും, വിരമിച്ച ഉദ്യോഗസ്ഥരായ ശ്രീ.സി.തുളസീധരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ.പി.രാധാകൃഷ്ണൻ പിള്ള, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ.പി.ജയചന്ദ്രൻ, സീനിയർ സൂപ്രണ്ട്, ശ്രീ.എം.കെ.സുധാകരൻ, സീനിയർ സൂപ്രണ്ട്, ശ്രീ. എ.കെ.ആനന്ദൻ, സീനിയർ സൂപ്രണ്ട്, ശ്രീ.വി.വിജയൻ, സീനിയർ സൂപ്രണ്ട് എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസും പരാമർശം (2) പ്രകാരം നൽകി.

2) ഉദ്യോഗസ്ഥർക്കെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്:

i. ശ്രീ.പി.എ.ജോണി, പാറപ്പിള്ളി ഹൗസ്, മലയാറ്റൂർ എന്ന വ്യക്തിയുടെ പൂർണ്ണ നഷ്ടോത്തരവാദിത്വത്തിൽ 28.02.1996-ൽ കാനയാർ റെയിഞ്ചിൽ നടത്തിയ പുനർലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം യഥാസമയം ടിയാനിൽ നിന്നും ഈടാക്കുന്നതിനായി ബന്ധപ്പെട്ട വ്യവഹാരത്തിലെ സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തി കൃത്യവിലോപം കാട്ടി.

ii. ശ്രീ.പി.എ.ജോണി എന്നയാൾ ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഒ.പി.13283/95-ാം നമ്പർ വ്യവഹാരത്തിലെ വിധിക്കെതിരെ യഥാസമയം അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തി, തന്മൂലം കൃത്യവിലോപം കാട്ടി.

iii. ടി ഉദ്യോഗസ്ഥരുടെ കൃത്യവിലോപം നിമിത്തം സർക്കാരിന് 3,48,823/- രൂപയുടെ (മൂന്ന് ലക്ഷത്തി നാൽപ്പത്തിയെട്ടായിരത്തി എണ്ണൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) നഷ്ടം സംഭവിച്ചു.

3) കുറ്റാരോപിതരെ നേരിൽ കേട്ടതിന്റെയും ടിയാളുകൾ സമർപ്പിച്ച വിശദീകരണങ്ങളുടെയും അതിന്മേൽ പരാമർശം ( 3 ) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ.സുനിൽ സഹദേവൻ, ശ്രീ.എൻ.രവീന്ദ്രൻപിള്ള, ശ്രീ.പി.രാധാകൃഷ്ണപിള്ള, ശ്രീ.എസ്.വിജയകുമാർ, ശ്രീ.സാജുതോമസ്, ശ്രീ.വി.വിജയൻ, മരണപ്പെട്ട എ.കെ.ആനന്ദൻ എന്നിവരെയും ഔപചാരികാന്വേഷണ കണ്ടെത്തലുകൾ അംഗീകരിച്ച് ശ്രീ.വി.എ.മോഹനൻ, റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിനെയും യഥാക്രമം പരാമർശം (4), ( 5 ) പ്രകാരം കുറ്റവിമുക്തരാക്കി ഉത്തരവായി. മറ്റ് കുറ്റാരോപിതർക്കെതിരെ അച്ചടക്ക നടപടി തുടരുന്നതിനും തീരുമാനിച്ചു.

4) ശേഷിക്കുന്ന 4 പേർക്ക് മാത്രമായി പ്രത്യേക വീഴ്ച സംഭവിച്ചിട്ടില്ലായെന്ന പരാമർശം (6) പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട ഫയലുകളുടെയും അടിസ്ഥാനത്തിൽ ഈ വിഷയം വീണ്ടും പരിശോധിക്കുകയുണ്ടായി.

5) 07.12.1994-ന് നടന്ന ലേലത്തിൽ ശ്രീ.പി.എ.ജോണി, പാറപ്പിള്ളി ഹൗസ്, മലയാറ്റൂർ എന്നയാൾ 1 / 3 വിലയായ ഇരുപതിനായിരം രൂപ നിരതദ്രവ്യം കെട്ടിവച്ച് ലേലം കൊണ്ടു. ലേലവ്യവസ്ഥകൾ മറികടന്ന് 4 മാസങ്ങൾക്ക് ശേഷം 10.04.1995-ൽ ലേലസ്ഥിരീകരണം നൽകി. കൺഫർമേഷൻ കിട്ടാൻ കാലതാമസം നേരിട്ടതുകൊണ്ട് ലേലക്കാരനിൽ നിന്നും കഴകൾ വാങ്ങാമെന്ന് സമ്മതിച്ചിരുന്ന കച്ചവടക്കാർ പിന്മാറിയതിനാൽ, ലേലം ക്യാൻസൽ ചെയ്ത് പാർട്ട് വാല്യൂ തിരികെ

ലഭ്യമാക്കുന്നതിന് 15.03.1995, 05.04.1995-ൽ ലേലക്കാരൻ അപേക്ഷിച്ചിരുന്നു. ലേലക്കാരൻ ബഹു. കേരള ഹൈക്കോടതിയിൽ ഒ. പി. 13283/95 ഫയൽ ചെയ്യുകയും ടി ഒ. പി. യിന്മേൽ ഫയൽ ചെയ്ത സി. എം. പി. 23738/95-ാം നമ്പർ കേസ്സിൽ 18.08.1995-ൽ പരാതിക്കാരനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള എല്ലാ മേൽ നടപടികളും സ്റ്റേ ചെയ്തുകൊണ്ട് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിനിടെ വകുപ്പ് 28.02.1996-ൽ പുനർലേലം നടത്തുകയും പുനർലേല നഷ്ടത്തുക 3,48,823/- രൂപയായി തിട്ടപ്പെടുത്തുകയും ചെയ്തു. 03.06.2003-ൽ ഒ. പി. 13283/95- കേസിൽ അന്തിമ വിധിയായി. ടി വിധിയിൽ പാർട്ട് വാല്യൂ തിരികെ കൊടുക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം എടുക്കണമെന്നും പുനർലേല തീയതി മുതൽ കോടതി വിധിവരെയുള്ള 7-8 വർഷത്തിനിടയിൽ പുനർലേല നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കാതിരുന്നതിന്റെ പേരിൽ ലേലക്കാരനിൽ നിന്നും റിക്കവറി ഒന്നും പാടില്ലെന്നും ഉത്തരവായി. ലേലസ്ഥിരീകരണം യഥാസമയം നൽകാത്തതിനാൽ പ്രസ്തുത വിധിക്കെതിരെ യഥാസമയം അപ്പീൽ ഫയൽ ചെയ്തിരുന്നുവെങ്കിൽ തന്നെ വകുപ്പിനനുകൂലമായി വിധി വരുമായിരുന്നില്ല.

6) ലേല സ്ഥിരീകരണം യഥാസമയം നടത്താത്തതിന്മേലും ഒരു വർഷം കഴിഞ്ഞ് പുനർലേലം നടത്താനുണ്ടായതിന്റെ കാരണവും പുനർലേല നഷ്ടം തിട്ടപ്പെടുത്തിയതിന്മേലും വിശദീകരണം തേടിയതിൽ പരാമർശം (6)-ലെ 9.10.2019-ലെ കത്ത്, പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. റിപ്പോർട്ടിലെ വസ്തുതകൾ ചുവടെ ചേർക്കുന്നു.

7) ടി ലേലം സംബന്ധിച്ച് അച്ചൻകോവിൽ പരിസ്ഥിതി സമിതി പരാതി സമർപ്പിച്ചിരുന്നതിനാൽ പരാതി പരിശോധിച്ച് ലേല സ്ഥിരീകരണം നൽകിയാൽ മതിയെന്ന തീരുമാനം സ്വീകരിച്ചതിനാലാണ് ലേലസ്ഥിരീകരണം യഥാസമയം നൽകുവാൻ കഴിയാതിരുന്നത്. പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് 20.03.1995-ലാണ് ലഭ്യമായത്. പ്രസ്തുത റിപ്പോർട്ടിൽ കുറഞ്ഞ നിരക്കിൽ ലേലം വിളിച്ച 6, 8, 64, 67, 69/94 എന്നീ ലോട്ടുകളിൽപ്പെട്ട മൂന്നാം തരം കഴകളുടെ ലേലം പുന:പരിശോധിക്കാനും മറ്റു വിഭവങ്ങളുടെ ലേലം സാധാരണ രീതിയിലുള്ള നടപടിക്രമങ്ങൾക്ക് ശേഷം അനന്തര നടപടി സ്വീകരിക്കാനും ശുപാർശ ചെയ്തു. തുടർന്ന് 10.04.1995-ൽ മേൽ സൂചിപ്പിച്ച ലോട്ടുകൾ ഒഴികെ 07.12.1994-ൽ നടന്ന ലേലത്തിന്റെ മറ്റ് എല്ലാ ലോട്ടുകളുടെ ലേല സ്ഥിരീകരണം നൽകി. അതിനുശേഷം ചില ലേലക്കാർ പണമടച്ച് ഉല്പന്നങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് സർക്കാരിനെ സമീപിക്കുകയും 28.08.1995-ലെ സ.ഉ.(സാധാ) നം. 330/95/വനം പ്രകാരം പണമടച്ച് ഉല്പന്നങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കാലാവധി 30.12.1995-വരെ ദീർഘിപ്പിച്ച നൽകുകയും ചെയ്തിരുന്നു. ദീർഘിപ്പിച്ച കാലാവധി അവസാനിച്ചപ്പോൾ തന്നെ പുനർലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. ആദ്യ ലേലത്തിന് ശേഷം 1 5 മാസം കഴിഞ്ഞാണ് പുനർലേലം നടന്നിട്ടുള്ളത്. അതിശക്തമായ കാറ്റും മഴയും ലഭിക്കുന്ന പ്രദേശമാണ് അച്ചൻകോവിൽ. അതിനാൽ പ്രസ്തുത ഉല്പന്നങ്ങളുടെ ഗുണനിലവാരം പ്രതികൂല കാലാവസ്ഥയും മറ്റ് പ്രകൃതിക്ഷോഭത്താലും കുറഞ്ഞതാണ്. അതു കാരണം വില സ്വാഭാവികമായും കുറയും. അതിനാൽ 3,48,823/- രൂപയുടെ സർക്കാർ നഷ്ടം സംഭവിച്ചതായി പരിഗണിക്കേണ്ടതില്ല.

8) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത ലേലം സംബന്ധിച്ച പരാതി വന്നതിനാൽ പരാതി പരിശോധിച്ച് ലേല സ്ഥിരീകരണം നൽകിയാൽ മതിയെന്ന തീരുമാനം എടുത്തതിനാലാണ് ലേലസ്ഥിരീകരണം വൈകിയത്, ആയത് അംഗീകരിക്കാവുന്നതാണ്. ലേലം സ്ഥിരീകരിക്കുന്നതിന് വന്ന കാലതാമസം കഴകളുടെ ഗുണനിലവാരം കുറയുന്നതിനും ലേലക്കാരൻ പിന്മാറുന്നതിനും കാരണമായി. എന്നാൽ മഴപെയ്ത് ഗുണനിലവാരം നഷ്ടപ്പെട്ട തടികൾ പാർട്ട് വാല്യൂ അടച്ചതിന്റെ പേരിൽ ലേലക്കാരൻ തന്നെ എടുക്കണമെന്ന വകുപ്പിന്റെ വാദം ന്യായവുമല്ല. ലേലക്കാരന്

വകുപ്പ് പാർട്ട് വാല്യു തിരികെ നൽകണമായിരുന്നു. അതിനാൽ ലേലക്കാരൻ ഫയൽ ചെയ്ത ഒ.പി.13283/95-ലെ വിധി അംഗീകരിക്കത്തക്കതാണ്. പ്രസ്തുത വിധിക്കെതിരെ യഥാസമയം അപ്പീൽ ഫയൽ ചെയ്തിരുന്നുവെങ്കിൽ തന്നെ വകുപ്പിനനുകൂലമായി വിധി വരുമായിരുന്നില്ല. അപ്പോൾ പിന്നെ അപ്പീൽ ഫയൽ ചെയ്തില്ല എന്ന ആരോപണം ഉന്നയിച്ച് ഉദ്യോഗസ്ഥർക്കെതിരെ നടപടി തുടരേണ്ടതും ില്ല.

9) ലേല സ്ഥിരീകരണവും പുനർലേലവും വൈകിയതും തടികളുടെ ഗുണനിലവാരവും വിലയും കുറയുന്നതിന് കാരണമായിട്ടുണ്ടെന്നും അതിനാൽ ഈ വിഷയത്തിൽ സർക്കാർ നഷ്ടം സംഭവിച്ചതായി പരിഗണിക്കേണ്ടതില്ലായെന്ന അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിരമിച്ച ഉദ്യോഗസ്ഥരായ ശ്രീ.സി.തുളസീധരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ. പി.ജയചന്ദ്രൻ, സീനിയർ സൂപ്രണ്ട്, ശ്രീ. എം.കെ.സുധാകരൻ, സീനിയർ സൂപ്രണ്ട്, ശ്രീ. കെ.വിജയൻ, യു.ഡി.ക്ലാർക്ക് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K Sureshkumar
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സി.തുളസീധരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട.)

ശ്രീ. പി.ജയചന്ദ്രൻ, സീനിയർ സൂപ്രണ്ട് (റിട്ട.)

ശ്രീ. എം.കെ.സുധാകരൻ, സീനിയർ സൂപ്രണ്ട് (റിട്ട.)

ശ്രീ. കെ.വിജയൻ, യു.ഡി.ക്ലാർക്ക് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ